## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 179 | 13.06.2019- ൽ മറുപടിക്ക് |
|---|---|

# പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സജി ചെറിയാൻ<br>,, എസ്.ശർമ്മ<br>,, വി. കെ. സി. മമ്മത് കോയ<br>ശ്രീമതി. വീണ ജോർജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള സമഗ്രപദ്ധതിയുടെ കരട് തയ്യാറായിട്ടുണ്ടോ; മുഖ്യ പുനർനിർമ്മാണ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്? | (എ) | പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP)യുടെ കരട്, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തുകയും 21/05/2019-ൽ ചേർന്ന മന്ത്രിസഭായോഗം പ്രസ്തുത രേഖയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു.<br>പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമാണ വികസന പരിപാടി ലക്ഷ്യമിടുന്നത്. ഇത്തരത്തിലുള്ള പുനർനിർമാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതല ത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP യിൽ |

ഉൾപ്പെടുന്നു.
സംയോജിത ജലവിഭവ മാനേജ് മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗപരിപാലനവും ക്ഷീരവികസനവും , ഫിഷറീസ്, ജീവനോപാധികൾ, ഭൂമി, എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ആവർത്തിച്ചേക്കാവുന്ന പ്രകൃതി ദുരന്തങ്ങൾ ജനങ്ങളുടെ ജീവനും സ്വത്തിനും ഏല്പിക്കുന്ന ആഘാതം കഴിയുന്നത്ര കുറയ്ക്കുന്നതിനും പശ്ചാത്തലസൗകര്യങ്ങൾ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ പര്യാപ്തമായ വിധത്തിൽ പുനർനിർമ്മിക്കുന്നതിനും വിദേശമലയാളികളിൽ നിന്നും അന്താരാഷ്ട്ര ഏജൻസികൾ ഉൾപ്പെടെയുള്ളവരിൽ നിന്നും ധനസമാഹരണം സാധ്യമാക്കുന്നതിനുമുള്ള മാർഗം പരിശോധിച്ചിട്ടുണ്ടോ

(ബി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

- സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം
- NIDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റു വായ്പകളും.

| | | | |
|---|---|---|---|
| | | | പ്രളയാനന്തര പുനർനിർമാണത്തിന് തുക കണ്ടെത്തുന്നതിനായി, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>കേരള പുനർനിർമാണ വികസന പരിപാടി (RKDP) വിവിധ ഫണ്ടിങ് ഏജൻസികൾക്കു മുൻപാകെ അവതരിപ്പിച്ച് പദ്ധതികൾക്ക് സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | കേരളത്തിന്റെ കാലാവസ്ഥയും പ്രകൃതിഘടനയും കണക്കിലെടുത്ത് നദീതീരവാസികളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രയോജനപ്രദമെന്ന് വിലയിരുത്തിയിട്ടുള്ള പുഴയ്ക്ക് വഴിയൊരുക്കുന്ന പദ്ധതി (റൂം ഫോർ റിവർ) ഉൾപ്പെടെയുള്ള അതിജീവനത്തിന്റെ വിദേശ പരിസ്ഥിതി സൗഹൃദ മാതൃകകൾ അനുവർത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | നെതർലൻഡിൽനിന്നുള്ള വിദഗ്ധസംഘം 2019 മാർച്ച് മാസം കേരളം സന്ദർശിക്കുകയും കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വൈദഗ്ധ്യമുള്ള നെതർലൻഡിന്റെ അനുഭവം പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം 2019 മേയ് 9 ന് Room for River Project സന്ദർശിക്കുകയും വിദഗ്ധരുമായി ചർച്ച നടത്തുകയും ചെയ്തു. ഇതിന്റെ തുടർനടപടികൾ നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**